## B. മടവൂർ വിഭാഗം 2006 ൽ ആവിഷ്കരിച്ച പുതിയ തൗഹീദ്

മടവൂർ വിഭാഗത്തിന്റെ വാരികയായ ശബാബിലെ ''നെല്ലും പതിരും'' എന്ന പക്തിയിൽ, ജനാബ് അബ്ദുസ്സലാം സുല്ലമി ഔദ്യോഗിക വിഭാഗം മുജാഹിദ് പണ്ഡിതരെ വിമർശിച്ച് കൊണ്ടുള്ള ലേഖനങ്ങൾ 2006 മുതൽ തുടർച്ചയായി എഴുതിക്കൊണ്ടിരിക്കുകയാണ്. അദൃശ്യം, അഭൗതികം, അമാനുഷികം, കാര്യ കാരണ ബന്ധം, മറഞ്ഞ മാർഗ്ഗം, ശിർക്ക്, കുഫ്റ് തുടങ്ങിയ പദങ്ങൾ ഉൾക്കൊള്ളുന്ന അദ്ദേഹത്തിന്റെ ലേഖനങ്ങൾ വായിച്ച് പഠിച്ച മടവൂർ വിഭാഗം പ്രവർത്തകർക്ക് പോലും, എന്താണ് സലാം സുല്ലമിയുടെ അരോപണങ്ങൾ എന്ന് കൃത്യമായി മനസ്സിലായിട്ടില്ല എന്നാണ്, അവരിൽ ചിലർ കഴിഞ്ഞ ലേഖനത്തിന് എഴുതിയ മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. അത് കൊണ്ട് തന്നെ തൗഹീദുമായി ബന്ധപ്പെട്ട അടിസ്ഥാന വിഷയങ്ങളിൽ സലാം സുല്ലമിയുടെ കാഴ്ചപാടുകളും, ഔദ്യോഗിക വിഭാഗം പണ്ഡിതരുടെ കാഴ്ചപ്പാടുകളും ലളിതമായി വിശദീകരിക്കാനാണ് ഈ ലേഖനത്തിൽ ഉദ്ദേശിക്കുന്നത്.

### 1. മരിച്ച് പോയ മഹാത്മാക്കളോടുമുള്ള പ്രാർഥന.

അല്ലാഹുവോട് മാത്രമേ ദുആ ചെയ്യാൻ പാടുള്ളൂ എന്നത് ഇസ്ലാമിലെ അടിസ്ഥാന നിയമമാണ്. കേരളത്തിലെ ഏതാണ്ട് എല്ലാ മുസ്ലിങ്ങളും ഇത് തത്വത്തിൽ അംഗീകരിക്കുന്നുമുണ്ട്. അല്ലാഹു കൊടുത്ത കഴിവിൽ നിന്നും സഹായിക്കും എന്ന വിശ്വാസത്തോടെ, മരിച്ച് പോയ അമ്പിയാ ഔലിയാക്കളുൾപ്പെടെയുള്ള മഹാത്മാക്കളെ വിളിച്ച് സഹായാഭ്യർഥന നടത്തിയാൽ അതിനെ ദുആ (പ്രാർഥന) എന്ന് വിളിക്കാമോ, അത് ശിർക്കാകുമോ എന്നതിലാണ് സുന്നി വിഭാഗവും മുജാഹിദുകളും തമ്മിൽ തർക്കം നിലനിൽക്കുന്നത്. മരിച്ച് പോയ മഹാത്മാക്കൾക്ക് മനുഷ്യരെ സഹായിക്കാനുള്ള കഴിവ് അല്ലാഹു കൊടുത്തിട്ടുണ്ടായിരിക്കാമെന്നത് പ്രമാണങ്ങളുടെ പിൻബലമില്ലാത്ത കേരള സുന്നികളുടെ മിഥ്യാ സങ്കൽപം മാത്രമാണ്. അത് കൊണ്ട് കൂടിയാണ് മരിച്ച് പോയ അമ്പിയാ ഔലിയാക്കളുൾപ്പെടെയുള്ള മഹാത്മാക്കളെ വിളിച്ച് സഹായാഭ്യർഥന നടത്താമെന്ന സുന്നികളുടെ വാദം ശിർക്കാകുന്നു എന്ന് മുജാഹിദ് പണ്ഡിതന്മാർ പ്രഖ്യാപിക്കുന്നത്.

### 2. മലക്കിനോടും ജിന്നിനോടുമുള്ള പ്രാർഥന.

മനുഷ്യരെ സഹായിക്കാൻ സാധ്യതയണ്ട് എന്ന് വാദിക്കാവുന്ന രണ്ട് സൃഷ്ടികളാണ് മലക്കുകളും ജിന്നുകളും. മലക്കുകളോടും ജിന്നുകളോടും സഹായം ചോദിക്കാം അവർ സഹായിക്കും, അത് ശിർക്കാകില്ല എന്ന ഒരു വാദം പൊതുവെ സുന്നികൾ പ്രചരിപ്പിക്കാറില്ല. അത് കൊണ്ട് തന്നെ, തൗഹീദിന്റെയും ദുആയുടെയും വിഷയത്തിൽ സുന്നികളും മുജാഹിദുകളും തമ്മിൽ നടക്കാറുള്ള ചർച്ചകളിലൊന്നും മലക്കുകളോടും ജിന്നുകളോടും സഹായം തേടാമോ എന്ന കാര്യം ഒരു തർക്ക വിഷയമായി പൊതുവെ കടന്ന് വരാറില്ല. എന്നാൽ മുജാഹിദിലെ പിളർപ്പിന് ശേഷം, മുജാഹിദ് ഔദ്യോഗിക വിഭാഗത്തിലെ ചില പണ്ഡിതന്മാരും മടവൂർ വിഭാഗത്തിലെ സലാം സുല്ലമിയുടെ നേതൃത്വത്തിലുള്ള പണ്ഡിതന്മാരും തമ്മിൽ 2006 ലും 2007 ലുമായി നടന്ന ചർച്ചകളിൽ, മലക്കുകളോടും ജിന്നുകളോടുമുള്ള സഹായാഭ്യർഥന ഒരു പ്രധാന ചർച്ചാ വിഷയമായിരുന്നു.

### 3. മലക്കുകൾ മനുഷ്യരെ കാത്ത് കൊണ്ടിരിക്കുന്നു എന്ന ക്വുർആൻ.

നമ്മൾ ആവശ്യപ്പെടാതെ, അഭൗതിക അദൃശ്യ മാർഗത്തിൽ മനുഷ്യനെ സഹായിക്കാൻ മലക്കുകൾക്ക് കഴിയില്ല എന്ന ഒരു വാദം സലാം സുല്ലമി പ്രചരിപ്പിച്ചിരുന്നു. ''യുവ മുജാഹിദുകളെ'' മുശ്രിക്കാക്കാനുള്ള വ്യഗ്രതയിൽ അദ്ദേഹത്തിന് അബദ്ധം പറ്റിയതാവാനാണ് സാധ്യത. കാരണം മലക്കുകൾ മനുഷ്യരെ കാത്ത് കൊണ്ടിരിക്കുന്നു എന്നാണ് പരിശുദ്ധ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു ''മനുഷ്യനെ അവന്റെ മുന്നിലൂടെയും പിന്നിലൂടെയും തുടരെത്തുടരെ വന്ന് കൊണ്ടിരിക്കുന്നവർ (മലക്കുകൾ) ഉണ്ട്. അവർ അല്ലാവുവിന്റെ കൽപനയാൽ അവനെ (മനുഷ്യനെ) കാത്ത് കൊണ്ടിരിക്കുന്നു'' (റഅ്ദ്.11). മുഅ്മിനുകൾക്ക് വേണ്ടി പ്രാർഥിക്കുക, ആമീൻ പറയുക തുടങ്ങിയ അനേകം സഹായങ്ങൾ അല്ലാഹുവിന്റെ അനുമതിയോടെ മലക്കുകൾ മനുഷ്യന് ചെയ്യുന്നുണ്ട് എന്നത് ഇസ്ലാമിൽ സ്ഥിരപ്പെട്ട കാര്യമാണ്.

മടവൂർ വിഭാഗം നേതാവായിരുന്ന മർഹൂം കെ കെ മുഹമ്മദ് സുല്ലമി എഴുതുന്നു ''ക്വുർആൻ ഓതുന്ന ആളുടെ അടുക്കൽ അനുഗ്രഹത്തിന്റെ മലക്കുകൾ വരും. ജന്തുക്കൾ അറിയും. <u>മരുഭൂമിയിൽ ഒറ്റപ്പെട്ടു പോയാൽ ഉറക്കെ വിളിച്ചമ്പേഷിക്കുക, മലക്കുകൾ രക്ഷക്കെത്തും</u>''. (മടവൂർ വിഭാഗത്തിന്റെ അത്തൗഹീദ് മാസിക, 2004 ഏപ്രിൽ പേജ്.13, മലക്കുകൾ: പ്രപഞ്ചത്തിലെ സജീവ സാന്നിധ്യം എന്ന ലേഖനം.)

### 4. മലക്കുകളോട് പ്രാർഥിക്കുന്നത് ശിർക്കാണ്.

മനുഷ്യനെ മലക്കുകൾ സഹായിക്കും എന്ന വിശ്വാസത്തിൽ, അവരോട് ആരും സഹായം തേടാറില്ല. അവരോട് സാധാരണയായി പ്രാർഥിക്കാറുമില്ല. കാരണം മലക്കുകൾ സ്വതന്ത്രമായി ചിന്തിച്ച് തീരുമാനങ്ങളെടുക്കാൻ കഴിവ് നൽകപ്പെട്ടവരല്ല എന്നും, അവർക്ക് അല്ലാഹുവിന്റെ കൽപന അനുസരിക്കാൻ മാത്രമേ കഴിയൂ എന്നുമാണ് മുസ്ലിങ്ങളുടെ വിശ്വാസം. <u>മലക്കിനോടും</u> ജിന്നിനോടും സഹായം തേടൽ അനുവദനീയമാണെന്ന് ഇസ്ലാഹ് മാസികയിൽ എഴുതി എന്ന് തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി സലാം സുല്ലമി ദുരുപയോഗം ചെയ്യുന്ന ഇസ്ലാഹിലെ ലേഖനത്തിൽ പോലും (2007 ഏപ്രിൽ, പേജ് 42) ഈ കാര്യം അബ്ദുൽ ജബ്ബാർ മൗലവി വ്യക്തമാക്കിയിട്ടുണ്ട്.

അദ്ദേഹം എഴുതുന്നു: ''അതേ സമയം തന്റെ മുൻപിൽ കാണുന്ന രൂപം ജിബ്‌രീൽ ആണെന്ന് വിശ്വസിക്കുന്ന ഒരാൾ ജിബ്‌രീലേ എന്നെ ഈമാനോട് കൂടി മരിപ്പിക്കണേ എന്ന് തേടിയാൽ അത് ശിർക്കാണ്''. (ഈ ലേഖനം പൂർണമയും എന്റെ കഴിഞ്ഞ ലേഖനത്തിൽ എടുത്ത് കൊടുത്തിട്ടുണ്ട്.) ചുരുക്കത്തിൽ മലക്കുകളോട് സഹായം ചോദിക്കുന്നത് ശിർക്കാണെന്നതിലും അവർക്ക് നാം ആവശ്യപ്പെടുമ്പോൾ സഹായിക്കാൻ കഴിയില്ല എന്ന കാര്യത്തിലും മുജാഹിദുകൾക്കിടയിൽ തർക്കം നിലനിൽക്കുന്നില്ല.

### 5. ജിന്നുകളോട് സഹായം ചോദിക്കുന്നത് ശിർക്കാണ്.

മനുഷ്യരെ സഹായിക്കാൻ സാധ്യതയുള്ള മറ്റൊരു സൃഷ്ടിയാണല്ലൊ ജിന്നുകൾ. ജിന്നുകളോട് സഹായം ചോദിക്കുന്നത് ശിർക്കാണെന്നാണ് മുജാഹിദുകളുടെ വിശ്വാസം. ''വിജന പ്രദേശത്തു നിന്ന് തന്റെ ശബ്ദം കേൾക്കുന്നത് ആരാകട്ടെ, അവരെന്നെ സഹായിക്കട്ടെ എന്ന നിലക്ക് <u>അല്ലാഹുവിന്റെ അടിമകളേ</u> എന്നു വിളിച്ചാൽ അതിൽ <u>അഭൗതികതയോ ശിർക്കോ ഇല്ല</u> എന്ന് മാത്രമേ ലേഖകൻ ഉദ്ദേശിച്ചിട്ടുള്ളൂ. മദ്യപിക്കൽ ശിർക്കാകുകയില്ല എന്ന് പറഞ്ഞാൽ മദ്യപിക്കൽ അനുവദനീയമാണെന്ന് ഗവേഷണം നടത്തുന്നത് വിഡ്ഡിത്തമല്ലേ (ഇസ്ലാഹ് 2008 ജനുവരി, പേജ്.2) '' എന്ന പരാമർശം ചൂണ്ടിക്കാട്ടി, ജിന്നിനോടും മലക്കിനോടും സഹായം ചോദിക്കൽ ശിർക്കല്ല, ഹറാമാണ് എന്നാണ് ഇസ്ലാഹിന്റെ വാദം എന്ന് സലാം സുല്ലമി ശബാബ് വായനക്കാരെ തെറ്റിദ്ധരിപ്പിക്കാറുണ്ട്. വാസ്തവത്തിൽ ഈ വരികളിൽ എവിടെയും ജിന്ന് മലക്ക് എന്നീ പദങ്ങൾ കാണുന്നില്ല. അത് കൊണ്ട് തന്നെ സലാം സുല്ലമിയുടെ വാദം ബാലിശമായേ കാണാൻ കഴിയൂ.

മാത്രമല്ല, ജിന്നുകളോട് സഹായം ചോദിക്കുന്നത് ശിർക്കാണ് എന്ന് ഇസ്‌ലാഹ് മാസികയിൽ 2006 ൽ തന്നെ എഴുതിയിട്ടുണ്ട്. ഉദാഹരണമായി സകരിയ്യ സ്വലാഹി എഴുതുന്നു ''മലക്കുകളേയും ജിന്നുകളേയും മറ്റാരേയും വിളിച്ച് തേടാൻ പാടില്ലെന്നും പ്രാർഥനക്കുത്തരം നൽകാൻ അവർക്ക് കഴിയില്ലെന്നും ക്വുർആൻ നമ്മെ പഠിപ്പിക്കുന്നു''. (ഇസ്‌ലാഹ് 2006 ഡിസം, പേജ് 6 )

6. ''പിശാചിനോട് രക്ഷ തേടുന്നത് ശിർക്ക് തന്നെ '' . വിചിന്തനം വാരിക 2007 ഫെബ്രുവരി.

ഔദ്യോഗിക വിഭാഗത്തിന്റെ വാരികയായ വിചിന്തനത്തിലേക്ക് വന്ന ഒരു ചോദ്യവും ഉത്തരവും കാണുക. '' ചോദ്യം: ജിന്ന്, പിശാച്, സിഹ്റ് വിശ്വാസവും അന്ധവിശ്വാസവും (എ അബ്ദുസ്സലാം സുല്ലമി) എന്ന പുസ്തകത്തിൽ ഭാര്യയുമായി ബന്ധത്തിൽ ഏർപ്പെടുന്ന സന്ദർഭത്തിൽ പിശാചിനോട് രക്ഷ തേടിയാൽ കുട്ടിയെ പിശാച് യാതൊന്നും ഉപദ്രവിക്കുകയില്ല എന്ന് നബി (സ) പ്രസ്താവിച്ച ഹദീസുകളാണു കൂടുതൽ പ്രബലമായിട്ടുള്ളത് എന്ന് എഴുതിക്കാണുന്നു. പിശാചിനോട് രക്ഷ തേടിയാൽ ശിർക്കാവില്ലേ? ഉത്തരം: പിശാചിന് രക്ഷ തേടുന്നത് ശിർക്ക് തന്നെ. ലേഖകന്ന് അശ്രദ്ധ മൂലം വന്ന തെറ്റാവാം. '' (വിചിന്തനം 2007 ഫെബ്രു.23, പേജ് 9). ശബാബിൽ (2007 മാർച്ച് 9) സലാം സുല്ലമി ഈ ചോദ്യോത്തരം എടുത്ത് കൊടുത്തിട്ടുണ്ട്.

(ഇങ്ങനെയുള്ള ഒരു അബദ്ധം ഇസ്‌ലാഹിലാണ് വന്നിരുന്നത് എങ്കിൽ, ''ഔദ്യോഗിക വിഭാഗം ശിർക്കിലേക്ക് പോയെന്ന്'' ആരോപിച്ച് സലാം സുല്ലമി ശബാബിൽ ലേഖന പരമ്പര എഴുതുകയും കാന്തപുരം മാസികക്ക് ഇന്റർവ്യൂ നൽകുകയും ചെയ്യുമായിരുന്നു. ലേഖകന്ന് അശ്രദ്ധ മൂലം വന്ന തെറ്റാവാം എന്നെഴുതിയ 'വിചിന്തനം' കാണിച്ച മാന്യത നാം മനസ്സിലാക്കുക.)

പിശാചിനോട് രക്ഷ തേടുന്നത് ശിർക്കാണ് എന്നതാണ് ഔദ്യോഗിക വിഭാഗത്തിന്റെ വിശ്വാസം എന്ന് വ്യക്തമായി അറിയാമായിരുന്നിട്ടും, വ്യാജവും അതീവ ഗുരുതരവുമായ ശിർക്ക് ആരോപണം മടവൂർ വിഭാഗം ഇപ്പോഴും ആവർത്തിച്ച് കൊണ്ടിരിക്കുകയാണ്. 2009 ഫെബ്രുവരി 6.ലെ ശബാബിൽ പ്രസിദ്ധീകരിച്ച സി.പി. ഉമർ സുല്ലമിയുമായുള്ള അഭിമുഖത്തിലും ഇതാവർത്തിക്കുന്നത് കാണാം. ''എന്നാൽ (ഔദ്യോഗിക വിഭാഗം) തൗഹീദിൽ പോലും ആദ്യകാല ഇസ്‌ലാഹീ പണ്ഡിതന്മാരുടെ നിർവചനത്തിൽ നിന്നും മാറി പുതിയ പാത കണ്ടെത്തിയിരിക്കുകയാണ്. മലക്കുകളോടും ജിന്നുകളോടും സഹായം ചോദിക്കാം എന്ന് വരെ പറയാൻ ഈ സങ്കുചിത കിടമത്സരം അവരെ നിർബന്ധിതരാക്കി'' എന്ന് എഴുതാൻ ബഹുമാന്യനായ സി.പി. ഉമർ സുല്ലമി പോലും തയ്യാറാവുന്നു എന്നതാണ് ഖേദകരം.

7. സിഹ്റ് ചെയ്യുന്നവരേയും ജോത്സ്യന്മാരെയും ജിന്നുകൾക്ക് സഹായിക്കാൻ കഴിയുമോ ?

സിഹ്റ് മഹാപാപമാണെന്നും, സിഹ്റ് ചെയ്താൽ കാഫിറാകുമെന്നുമുള്ള കാര്യത്തിൽ മുജാഹിദുകൾക്കിടയിൽ തർക്കമില്ല. അത് പോലെ, ഒരു മുസ്‌ലിം ജോൽസ്യനെ സമീപിച്ചാൽ അയാളുടെ 40 ദിവസത്തെ നമസ്കാരം നിഷ്ഫലമാകുമെന്നും, ജോത്സ്യൻ പറയുന്നത് വിശ്വസിക്കുക കൂടി ചെയ്താൽ അയാൾ ''മുഹമ്മദ് നബി (സ) യുടെ മേൽ അവതരിപ്പിച്ചതിനെ (ക്വുർആനിൽ) അവിശ്വസിച്ചു'' എന്ന കാര്യത്തിലും മുജാഹിദുകൾക്കിടയിൽ രണ്ട് അഭിപ്രായമില്ല.

സിഹ്റ് ചെയ്യുന്നവരെയും ഭാവി പ്രവചിക്കുന്ന ജോത്സ്യന്മാരെയും അവർ പൂജിക്കുന്ന ജിന്നുകൾക്ക് സഹായിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ ഇപ്പോൾ മടവൂർ പക്ഷത്തുള്ള പണ്ഡിതരുടെയും നേതാക്കളുടെയും ഇടയിൽ വിത്യസ്ഥ വീക്ഷണമുണ്ട് എന്നാണ് മനസ്സിലാവുന്നത്.

1. സിഹ്റിൽ യാഥാർത്ഥ്യമുണ്ട്: സിഹ്റിൽ യാഥാർത്ഥ്യമുണ്ട്, സിഹ്റ് ചെയ്യുന്ന ആളെ അവർ പൂജിക്കുന്ന പിശാചുക്കൾ ചിലപ്പോൾ സഹായിക്കാറുണ്ട്. നബി (സ) ക്ക് സിഹ്റ് ബാധിച്ചിരുന്നു എന്ന പരാമർശമുള്ള ഹദീസ് സ്വഹീഹാണ്, അതിലെ ആശയം തള്ളിക്കളയേണ്ടതില്ല. ജോത്സ്യന്മാരും തങ്ങന്മാരും പറയുന്നത് അപൂർവമായിട്ടാണെങ്കിലും ഒത്ത് വരുന്നത് അവർക്ക് ജിന്നുകളുടെ സഹായം കിട്ടുന്നത് കൊണ്ടാണ്. ഇപ്പോൾ മടവൂർ പക്ഷത്തുള്ള ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, അബ്ദുൽ ഹമീദ് മദീനി, കോയക്കുട്ടി ഫാറൂഖി, സി.എം. മൗലവി, എം ഐ തങ്ങൾ തുടങ്ങിയവരും ഈ വിഭാഗത്തിലാണു പെടുന്നത് എന്നാണ് അവരുടെ ലേഖനങ്ങളിൽ നിന്ന് മനസ്സിലാവുന്നത്.

2. പരസ്യമായി ചർച്ചചെയ്യേണ്ടതില്ല: സിഹ്റ് ചെയ്താൽ കാഫിറാകും, മറഞ്ഞ കാര്യങ്ങളറിയാൻ ജോത്സ്യന്മാരെ സന്ദർശിച്ചാൽ കാഫിറാകും എന്നിങ്ങനെയുള്ള മതവിധികൾ മാത്രം ജനങ്ങളെ പഠിപ്പിച്ചാൽ മതിയാകും. സിഹ്റിൽ യാഥാർഥ്യമുണ്ടെന്നോ ഇല്ലെന്നോ പരസ്യമായി ചർച്ച ചെയ്യേണ്ടതില്ല.

3. സിഹ്റിൽ യാഥാർത്ഥ്യമില്ല: സിഹ്റിൽ യാഥാർത്ഥ്യമില്ല, സാഹിറിനെ സഹായിക്കാൻ പിശാചുക്കൾക്ക് കഴിയില്ല. ജോത്സ്യന്മാർക്കും മന്ത്രവാദികൾക്കും ഒരു വിവരവും എത്തിച്ച് കൊടുക്കാൻ പിശാചുക്കൾക്ക് കഴിയില്ല. അതേ സമയം, ജിന്നുകൾ മന്ത്രവാദികളെ സഹായിച്ചേക്കാം എന്ന് മനസ്സിലാക്കിയ പണ്ഡിതരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാൻ പോകേണ്ടതില്ല. സലാം സുല്ലമിയുടെ വീക്ഷണം 2005 വരെ ഇതായിരുന്നു.

8. മടവൂർ വിഭാഗം 2006 ൽ ആവിഷ്കരിച്ച പുതിയ തൗഹീദ് നിർവചനം

മുകളിൽ വിശദീകരിച്ച അഭിപ്രായങ്ങളിൽ നിന്നും വിത്യസ്തമായ ഒരു വിശ്വാസം സലാം സുല്ലമിയുടെ നേതൃത്വത്തിൽ ഗവേഷണം നടത്തി കണ്ടെത്തിയിട്ടുണ്ട്. മടവൂർ വിഭാഗം 2006 ൽ ആവിഷ്കരിച്ച ഈ പുതിയ തൗഹീദ് നിർവചനം സലാം സുല്ലമി ശബാബിലെ തന്റെ ''നെല്ലും പതിരും'' എന്ന പക്തിയിൽ സ്ഥിരമായി എഴുതി വരുന്നുണ്ട്. ഉദാഹരണങ്ങൾ കാണുക.

1. ''മലക്കുകളും ജിന്നുകളും പിശാചുക്കളും അദൃശ്യവും അഭൗതികവുമായ ലോകത്ത് ജീവിക്കുന്നവരാണ്. അദൃശ്യ ജീവികളോട് സഹായം തേടുന്നതും നാം ഉദ്ദേശിക്കുന്ന സന്ദർഭത്തിലും അവർ ഉദ്ദേശിക്കുന്ന സന്ദർഭത്തിലും നമ്മെ സഹായിക്കാൻ സാധിക്കുമെന്ന് വിശ്വസിക്കലും ശിർക്കും കുഫ്റമാണ് '' (ശബാബ് 2007 ഫെബ്രുവരി 8 പേജ് 11 )

2. ''നാം ഉദ്ദേശിക്കുമ്പോൾ അദൃശ്യവും അഭൗതികവും മറഞ്ഞതുമായ മാർഗ്ഗത്തിലൂടെ നമ്മെ സഹായിക്കുവാൻ അല്ലാഹുവിന് മാത്രമേ സാധിക്കുകയുള്ളൂ. മരണപ്പെട്ടവർക്കും മലക്കുകൾക്കും ജിന്നുകൾക്കും ഇതിന്ന് സാധിക്കുമെന്ന് വിശ്വസിച്ചാൽ ഈ വിശ്വാസം തന്നെ ശിർക്കാണ്. '' (ശബാബ് 2006 ഡിസംബർ 22 പേജ് 10)

3. '' ''മന്ത്രവാദികളെയും ജോൽത്സ്യൻമാരെയും സമീപിക്കുന്നവരുടെ ഉദ്ദേശ്യം അവർ പറയും. പിശാച് അവർക്ക് അറിയിച്ച് കൊടുക്കുന്നതാണിത്... ഇത് അദൃശ്യം അല്ലാഹുവിന് മാത്രമേ അറിയൂ എന്നതിന്ന് എതിരല്ല (ഹാരിസിബ്നു സലീം) ''. തുടർന്ന് ജോത്സ്യൻമാർക്ക് ഇങ്ങനെ ഒന്നും തന്നെ പറയാൻ കഴിയില്ല എന്നും, അങ്ങനെ ആരെങ്കിലും പറയുന്നുണ്ട് എങ്കിൽ അത് അദൃശ്യം അറിയൽ തന്നെയാണെന്നും സലാം സുല്ലമി എഴുതുന്നു. ശേഷം സലാം സുല്ലമി തുടരുന്നു ''അല്ലാഹു അല്ലാത്തവർക്ക് അദൃശ്യം അറിയുവാൻ സ്വയം കഴിവുണ്ടെന്ന് വിശ്വസിക്കലും, അദൃശ്യം അറിയുവാൻ അല്ലാഹു അവർക്ക് കഴിവു നൽകിയിട്ടുണ്ടെന്ന് വിശ്വസിക്കലും ശിർക്കാണ്.'' '' (ശബാബ്. 2007 ജനുവരി 19, പേജ് 10)

9. മടവൂർ തൗഹീദ് 2006 നെ കാന്തപുരം സുന്നികളുടെ മുമ്പിൽ സലാം സുല്ലമി വിശദീകരിക്കുന്നു.

കാന്തപുരം വിഭാഗം സുന്നികൾ നടത്തുന്ന സെൻസിംഗ് മാസികക്ക് (2007 ഏപ്രിൽ) ഇന്റർവ്യൂ നൽകിയപ്പോൾ തങ്ങളുടെപുതിയ തൗഹീദ് നിർവചനത്തെ സലാം സുല്ലമി വിശദീകരിക്കുന്നത് കാണുക.

സെൻസിംഗ്: പിശാച്, ജിന്ന്, വിഷയത്തിൽ മടവൂർ, മൗലവി (ഔദ്യോഗിക) വിഭാഗങ്ങൾ തമ്മിൽ ആദർശ ഭിന്നത ഒന്ന് വിവരിക്കാമോ?

സുല്ലമി : സിഹ്ർ ചെയ്യുന്നവർ ആവശ്യപ്പെടുമ്പോൾ പിശാച് സഹായിക്കും (മൗലവി) ഇസ്‌ലാഹീ പ്രസ്ഥാനം പ്രചരിപ്പിക്കുന്ന തൗഹീദിന്നെതിര് (മടവൂർ).

സെൻസിംഗ്: ജിന്ന് സഹായിക്കും എന്ന് വിശ്വസിച്ചാൽ ശിർക്കാവാൻ കാരണം ?

സുല്ലമി : ഇത് മുജാഹിദ് പ്രസ്ഥാനം പഠിപ്പിച്ച തൗഹീദിന് എതിരാണ്. ജിന്ന് സഹായിക്കും എന്നാൽ അഭൗതിക, അദൃശ്യ മാർഗത്തിൽ അല്ലാഹു അല്ലാത്തവർ സഹായിക്കും എന്നാണർത്ഥം. ഈസഹായം അല്ലാഹുവിനോട് മാത്രമേ ചോദിക്കാൻ പാടുള്ളൂ.

സെൻസിംഗ്: അദൃശ്യം കൊണ്ട് മുജാഹിദുകൾ ഉദ്ദേശിക്കുന്നത് ?.

സുല്ലമി : പഞ്ചേന്ദ്രിയങ്ങൾക്കപ്പുറത്തുള്ളത്.

17. സിഹ്ർ ചെയ്യുന്നവർ ആവശ്യപ്പെടുമ്പോൾ പിശാച് സഹായിക്കും (മൗലവി). ഇസ്‌ലാഹീ പ്രസ്ഥാനംപ്രചരിപ്പിക്കുന്ന തൗഹീദിനെതിർ (മടവൂർ).

*ജിന്ന് സഹായിക്കും എന്ന് വിശ്വസിച്ചാൽ ശിർക്കാവാൻ കാരണം?*

ഇത് മുജാഹിദ് പ്രസ്ഥാനം പഠിപ്പിച്ച തൗഹീദിന് എതിരാണ്. ജിന്ന് സഹായിക്കും എന്നാൽ അഭൗതിക, അദൃശ്യ മാർഗത്തിൽ അല്ലാഹു അല്ലാത്തവർ സഹായിക്കും എന്നാണർത്ഥം. ഈ സഹായം അല്ലാഹുവിനോട് മാത്രമേ ചോദിക്കാൻപാടുള്ളൂ.

*അദൃശ്യം കൊണ്ട് മുജാഹിദുകൾ ഉദ്ദേശിക്കുന്നത്?*

പഞ്ചേന്ദ്രിയങ്ങൾക്കപ്പുറത്തുള്ളത്.

2007 ഏപ്രിൽ—— [illegible] ——20

(സെൻസിംഗ് മാസിക സ്കാൻ ചെയ്തത്)

ചുരുക്കത്തിൽ, ജിന്നുകൾക്ക് ജ്യോത്സ്യന്മാരെ അഭൗതികമായ നിലയിൽ (പഞ്ചേന്ദ്രിയങ്ങൾക്ക് പുറത്ത്) സഹായിക്കാൻ കഴിയും എന്ന് തൗഹീദുൾകൊള്ളുന്ന ഒരു മുസ്‌ലിമിന് വിശ്വസിക്കാൻ നിവൃത്തിയില്ല എന്നും, അഥവാ ജിന്നുകൾക്ക് ജ്യോത്സ്യന്മാരെ സഹായിക്കാൻ കഴിയും എന്ന് ഒരു മുസ്‌ലിം വിശ്വസിച്ചാൽ അയാളുടെ വിശ്വാസത്തിൽ ശിർക്ക് വന്നു എന്നുമാണ് സലാം സുല്ലമി ഈ പുതിയ തൗഹീദ് നിർവചനത്തിലൂടെ സ്ഥാപിക്കാൻ ശ്രമിക്കുന്നത്.

## 10. ജിന്നുകളുടെ സഹായത്തെക്കുറിച്ച് സലാം സുല്ലമിയുടെ പുതിയ വിശദീകരണം

മടവൂർ സുല്ലമി വിഭാഗത്തിന്റെ ഈ പുതിയ നിർവചനം അൽപം വ്യക്തമാക്കാം. കോഴിക്കോടുള്ള ഒരാൾ അവിടെയുള്ള തങ്ങളെയോ, മന്ത്രവാദിയെയോ സമീപിച്ച്, തിരുവനന്തപുരത്തുള്ള ഒരാൾക്കെതിരിൽ സിഹ്റ് ചെയ്യാൻ ആവശ്യപ്പെടുന്നു. സിഹ്റ് ചെയ്യുന്ന ആൾ (സാഹിർ) അയാളുടെ മൂർത്തിയുടെ മുൻപിൽ ചില പൂജകളൊക്കെ നടത്തുന്നു, അല്ലെങ്കിൽ 'തങ്ങൾ' ചില ഇസ്മിന്റെ പണികൾ ചെയ്യുന്നു. ഇതിന്റെ ഫലമായി തിരുവനന്തപുരത്തുള്ള ആൾക്ക് ചില കഷ്ട നഷ്ടങ്ങളൊക്കെ സംഭവിക്കുന്നു. ഇതിനെയാണല്ലോ സിഹ്റ് അഥവാ ആഭിചാരം എന്ന് പറയുന്നത്.

ഇവിടെ സിഹ്ർ ചെയ്യുന്ന ആൾ തിരുവനന്തപുരത്തേക്ക് പോകുകയോ, തന്റെ സഹായികളായ ''മനുഷ്യരെ'' അങ്ങോട്ട് അയക്കുകയോ ചെയ്യുന്നില്ല. അപ്പോൾ ''ജിന്നിന്റെ'' സഹായത്തോടെയാണ് സാഹിർ തിരുവനന്തപുരത്തുള്ള ആൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നത് എന്ന് വ്യക്തം. ചുരുക്കത്തിൽ, മനുഷ്യൻ (സാഹിർ) ആവശ്യപ്പെടുമ്പോൾ പഞ്ചേന്ദ്രിയങ്ങൾക്ക് അപ്പുറത്തുള്ള സഹായം ചെയ്യാൻ പിശാചുക്കൾക്ക് കഴിയും എന്ന് വിശ്വസിക്കുന്നവന് മാത്രമേ, സിഹ്റിൽ യാഥാർഥ്യമുണ്ട് എന്ന് വാദിക്കാൻ കഴിയൂ. ഇത് സുല്ലമിയുടെ പുതിയ തൗഹീദ് നിർവചനമനുസരിച്ച് ശിർക്കായി മാറും.

ഉദാഹരണമായി, മുൻ കെ എൻ എം പ്രസിഡന്റായിരുന്ന മർഹൂം ഡോ: ഉസ്മാൻ സാഹിബ് ''പിശാചുക്കൾ അവന്റെ മിത്രങ്ങൾക്ക് (ജോത്സ്യന്മാർക്ക്) വഹ്‌യ് നൽകുന്നു'' എന്ന് വിശ്വസിച്ചിരുന്ന ആളായിരുന്നു. മടവൂർ 2006 തൗഹീദ് നിർവചനമനുസരിച്ച്, പഞ്ചേന്ദ്രിയങ്ങൾക്ക് അതീതമായ നിലയിൽ മനുഷ്യനെ സഹായിക്കാൻ പിശാചിന് കഴിയും എന്ന് വിശ്വസിച്ചതോട് കൂടി അദ്ദേഹത്തിന്റെ വിശ്വാസത്തിൽ ശിർക്ക് വന്നു. ഇത് പോലെ തന്നെ മർഹൂം അമാനി മൗലവിയും, മർഹൂം അലവി മൗലവിയും (സലാം സുല്ലമിയുടെ പിതാവ്) സിഹ്റിൽ യാഥാർത്ഥ്യമുണ്ടവാൻ സാധ്യതയുണ്ട് എന്ന വിശ്വസിച്ചവരായിരുന്നു. ജിന്നുകൾക്ക് മറഞ്ഞമാർഗ്ഗത്തിൽ സാഹിറിനെ സഹായിക്കാൻ കഴിഞ്ഞേക്കാം എന്ന് വിശ്വസിച്ചതോട് കൂടി ഇവരും ശിർക്കൻ വിശ്വാസക്കാരായി !!. (നഊദു ബില്ലാഹ്).

സിഹ്റിൽ യാഥാർത്ഥ്യമില്ല എന്ന് മാത്രമായിരുന്നു സുല്ലമിയുടെ 2005 വരെയുള്ള അഭിപ്രായം. എന്നാൽ ഇപ്പോൾ സിഹ്റിൽ യാഥാർത്ഥ്യമുണ്ടെന്ന് എഴുതിയവരുടെ ''വിശ്വാസത്തിൽ ശിർക്ക് വന്നു'' എന്ന് കൂടി സുല്ലമി എഴുതുന്നു. ഹുസൈൻ മടവൂർ സാഹിബിന്റെ നിർദ്ധേശമനുസരിച്ച് 2006 ൽ സലാം സുല്ലമി ആവിഷ്കരിച്ചതും, അലി മദനി മൊറയൂർ, അബ്ദുല്ലതീഫ് കരുമ്പുലാക്കൽ, എം ഐ മുഹമ്മദലി സുല്ലമി, മൻസൂറലി ചെമ്മാട് തുടങ്ങിയവർ പ്രചരിപ്പിച്ചതുമായ ഈ പുതിയ ആദർശം, മാതൃസംഘടനയിലേക്ക് തിരിച്ച് പോകുന്നവരെ തടഞ്ഞ് നിർത്താൻ വേണ്ടിയായിരുന്നു എന്ന് ഇതിന്റെ അവതരണ പശ്ചാതലം പരിശോധിച്ചാൽ ബോധ്യമാകും. **''ഒരാൾക്ക് നേരെ അന്യായമായി കുഫ്റ് ആരോപിച്ചാൽ, അത് ആരോപകനിൽ തന്നെ വന്ന് ചേരുമെന്ന'' നബി (സ) മുന്നറിയിപ്പ് നാം മറക്കാതിരിക്കുക.**

## 11. ജോത്സ്യന്മാരെ ജിന്നുകൾ സഹായിക്കുമെന്ന് മുൻകാല മുജാഹിദ് നേതാക്കൾ

സലാം സുല്ലമി ശബാബിലെഴുതുന്ന ''നെല്ലും പതിരും'' പക്തി മാത്രം വായിക്കുന്ന പുതിയ തലമുറയിൽപ്പെട്ട മടവൂർ വിഭാഗം പ്രവർത്തകർക്ക്, സാഹിറിനെയും ജോത്സ്യന്മാരെയും അവർ പൂജിക്കുന്ന ജിന്നുകൾ സഹായിക്കാൻ സാധ്യതയുണ്ട് എന്ന വാദം, സകരിയ്യ സ്വലാഹിയും കൂട്ടരും 2006 ൽ പുതുതായി ഗവേഷണം നടത്തി കണ്ടെത്തിയതാണെന്നേ തോന്നുകയുള്ളൂ. അങ്ങിനെയുള്ളവരുടെ ശ്രദ്ധയിലേക്കായി, മുൻകാല മുജാഹിദ് നേതാക്കളെഴുതിയ ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു. ശബാബിലും മറ്റും ഇതേ ആശയവുമായി വന്ന ധാരാളം ലേഖനങ്ങളുണ്ട്. ആവശ്യമെങ്കിൽ പിന്നീട് ഉദ്ധരിക്കാം (ഇൻ: അല്ലാഹ്).

1. കെ എൻ എം പ്രസിഡന്റ് ആയിരുന്ന ഡോ. ഉസ്മാൻ സാഹിബ് (റ)എഴുതുന്നു

''പിശാചിൽ നിന്നും അവർക്ക് സന്ദേശങ്ങൾ ലഭിക്കുന്നു. ഭാവിയെ പറ്റിയും മറ്റുള്ള മറഞ്ഞ കാര്യങ്ങളും തൊണ്ണൂറ്റി ഒമ്പത് ശതമാനവും കളവായിരിക്കാമെങ്കിലും പിശാച് അവന്റെ മിത്രങ്ങൾക്ക് വഹ്‌യായി നൽകുന്നു'' ...... ''ഒരാൾ എന്തെങ്കിലും ആവശ്യത്തിന് അവരെ കാണുവാൻ വരുകയാണെങ്കിൽ അയാൾ ആരാണെന്നും എന്തിനാണു വരുന്നതെന്നും മറ്റും അവർ പറഞ്ഞ് കളയും. വലിയ്യിന്റെ ശൈത്വാൻ വരുന്ന ആളുടെ ശൈത്വാനുമായി ബന്ധപ്പെട്ട് അറിഞ്ഞ കാര്യങ്ങൾ വലിയിന്റെ മനസ്സിൽ ഇട്ട് കൊടുക്കുന്നു''. (സൽസബീൽ 1994, മാർച്ച്)

2. വിശുദ്ധ ഖുർആൻ പരിഭാഷ എഴുതിയ അമാനി മൗലവി (റ) എഴുതുന്നു

''അത്തരക്കാരെ സമീപിക്കുന്ന പാമരൻമാർക്കൊ, പ്രസ്തുത വൈതാളികൻമാർക്കൊ കണ്ടറിയാൻ കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വാർത്തകൾ പിശാച് കണ്ടറിയും. പല വ്യാജ മന്ത്രങ്ങളുടെ കൂട്ടത്തിൽ ആ വ്യാജ വാർത്തയും അവൻ അവർക്ക് ദുർബോധനം ചെയ്കയും ചെയ്തേക്കുന്നതാണ്. അതുകൊണ്ടാണു ഹദീസിൽ സൂചിപ്പിച്ച പ്രകാരം ഏതോ ചില കാര്യങ്ങൾ പ്രശ്നക്കാർ പറയുന്നത് ഒത്തുവരുന്നത് ''. (വിശുദ്ധ ഖുർആൻ വിവരണം. 3/2347)

3. സിഹ്റ് ഫലിക്കുമെന്ന് സലാം സുല്ലമിയുടെ പിതാവായ എ അലവി മൗലവി (റ) എഴുതുന്നു

ആദ്യകാല മുജാഹിദ് പണ്ഡിതരിൽ പ്രമുഖനും സലാം സുല്ലമിയുടെ പിതാവുമായ എ അലവി മൗലവിയും(റ), മുഹമ്മദ് അമാനി മൗലവിയും(റ), ചേർന്ന് 1960 ൽ രചിക്കുകയും, കെ എം മൗലവി(റ), പരിശോധിക്കുകയും ചെയ്തതാണ് സൂറത്തുൽ ഫലഖിന്റെ ഖുർആൻ പരിഭാഷ. ഈ സൂറത്തിന്റെ നാലാം ആയത്ത് വിശദീകരിച്ച് കൊണ്ട് അവർ എഴുതുന്നു.

''സിഹ്റിന് യാഥാർത്ഥ്യമില്ല, ഗുണമായോ ദോഷമായോ ഉള്ള എന്തെങ്കിലും ഫലമുണ്ടാക്കുന്ന തരത്തിൽ ഒരു സിഹ്റുമില്ല. കേവലം, മനുഷ്യരെ പകിട്ടാക്കുന്ന ചില ചെപ്പടി വിദ്യകൾക്ക് മാത്രമുള്ള പേരാണ് സിഹ്റ് എന്നിങ്ങനെ ചില അഭിപ്രായങ്ങൾ മുമ്പും ഇപ്പോഴുമുണ്ട്. മുഅ്തസില: വിഭാഗക്കാരിൽ നിന്നാണ് ഇതിന്റെ ഉൽഭവം.''...... ''ജനങ്ങൾക്കിടയിൽ പിണക്കവും വഴക്കും ഉണ്ടാക്കുക, ചില മനുഷ്യ പിശാചുക്കളിൽ ദിവ്യത്വവും അസാധാരണമായ കഴിവും ഉള്ളതായി തെറ്റിദ്ധരിപ്പിക്കുക മുതലായ പല നാശങ്ങളും അതു കൊണ്ട് ഉണ്ടായിത്തീരുന്നു. ഇന്ദ്രജാലം, ആഭിചാരം, മായവിദ്യ, ജാലം, കൺകെട്ടു, ചെപ്പടി വിദ്യ എന്നൊക്കെ പറയുന്നത് സിഹ്റിന്റെ ഇനങ്ങളിൽ പെട്ടതത്രെ. മനുഷ്യനെ മൃഗമാക്കുക, കല്ലു സ്വർണമാക്കി മാറ്റുക പോലെയുള്ള കഴിവുകൾ സിഹ്റിനുണ്ടെന്ന ധാരണ തികച്ചും മൗഢ്യവും അടിസ്ഥാനമില്ലാത്തതുമാകുന്നു. പക്ഷെ, അതുകൊണ്ട് സിഹ്റിന്റെ എല്ലാ ഇനങ്ങളേയും അവ മൂലം എന്തെങ്കിലും ദോഷം സംഭവിക്കുന്നതിനെയും നിഷേധിക്കുവാൻ സാധ്യമല്ല. നേരെ മറിച്ച് സിഹ്റിന്റെ ഇനത്തിൽപെട്ടതായി അറിയപ്പെടുന്നതിലൊന്നും തന്നെ ഒരു യാഥാർത്ഥ്യവുമില്ലെന്ന ധാരണ ശരിയല്ല. ഇതാണ് വാസ്തവം. ''

(കെ എൻ എം പ്രസിദ്ധീകരിച്ചതും, മടവൂർ വിഭാഗം പണ്ഡിതർ ഇപ്പോഴും പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ഖുർആൻ പരിഭാഷയാണിത്. ഇതിൽ മടവൂർ സലാം സുല്ലമി ഗ്രൂപ്പുകാരുടെ വിശ്വാസത്തെ, അഹ്ലുസ്സുന്നയിൽ നിന്നും പുറത്ത് പോയ ''മുഅ്തസില'' വിഭാഗത്തിന്റെ വിശ്വാസമായാണ് അവർ പരിചയപ്പെടുത്തുന്നത്.)

4. സിഹ്ർ ചെയ്യാതിരിക്കാൻ നഖവും മുടിയും കുഴിച്ച് മൂടണമെന്ന് 2006 ലെ ശബാബ്

'' 'മുറിക്കപ്പെട്ട നഖവും മുടിയും കുഴിച്ച് മൂടണമെന്ന് പ്രവാചകൻ കൽപിച്ചുവെന്ന്' ബൈഹഖിയുടെ റിപ്പോർട്ട് അനുസരിച്ച് അപ്രകാരം ചെയ്യുന്നത് ഏറെ ഗുണകരം തന്നെയാണ്. ആഭിചാര വൃത്തിക്കാർ അത് ദുരുപയോഗം ചെയ്യുമെന്ന് നബി (സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.'' (കോയക്കുട്ടി ഫാറൂഖി, ശബാബ് 2006 ജൂലൈ 28). സിഹ്ർ യാഥാർത്ഥ്യമാണെന്നും, ആഭിചാരക്കാർ നഖവും മുടിയും ദുരുപയോഗം ചെയ്യുമെന്നും, 2006 ജൂലായിൽ പോലും ശബാബ് പഠിപ്പിക്കുന്നു.

## 12. സിഹ്റ് ഫലിക്കുമെന്ന് വിശ്വസിച്ചാൽ ശിർക്കാകുമെന്ന് വാദിക്കുന്ന ''സലാം സുല്ലമി'' ഗ്രൂപ്പുകാരോട്

സിഹ്റ് ഫലിക്കാൻ സാധ്യതയുണ്ട് എന്ന് ഒരു മുസ്ലിം വിശ്വസിച്ചാൽ തന്നെ, അയാളുടെ വിശ്വാസത്തിൽ ശിർക്ക് വന്നു എന്ന് വാദിക്കുന്ന മടവൂർ മുജാഹിദിലെ ''സലാം സുല്ലമി'' ഗ്രൂപ്പുകാർ താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി പറയുമോ ?.

1. സിഹ്റ് ചെയ്യുന്ന ആളെയും ജോത്സ്യന്മാരെയും പിശാച് സഹായിക്കാൻ സാധ്യതയുണ്ട് എന്ന് വിശ്വാസിച്ചാൽ അയാളുടെ വിശ്വാസത്തിൽ ശിർക്ക് വന്നു എന്ന് 2006 നു മുമ്പ് ഏത് മുജാഹിദ് പണ്ഡിതനാണ് എഴുതിയിട്ടുള്ളത് ?.

2. സിഹ്റിൽ യാഥാർത്ഥ്യമുണ്ടെന്ന് വിശ്വസിച്ചിരുന്ന ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റ), മുഹമ്മദ് ഇബ്നു അബ്ദുൽ വഹാബ് (റ), ഇബ്നു ബാസ് (റ) ഉൾപ്പെടെയുള്ള ലോക പ്രശസ്ത സലഫി പണ്ഡിതൻമാർ മുശ്രിക്കുകളായിരുന്നോ ?.

3. സിഹ്റ് ഫലിക്കുമെന്ന് ഖുർആൻ പരിഭാഷയിലെഴുതിയ മർഹൂം അലവി മൗലവി (സലാം സുല്ലമിയുടെ പിതാവ്), മർഹൂം അമാനി മൗലവി, മർഹൂം വി കെ മൂസ മൗലവി, അത് പരിശോധിച്ച മർഹൂം കെ പി മുഹമ്മദ് മൗലവി എന്നിവർ മുശ്രിക്കുകളായിരുന്നോ ?.

4. ഇതേ ആശയം സൽസബീലിലെഴുതിയ ഡോ: ഉസ്മാൻ സാഹിബ് (റ), അത് പ്രസിദ്ധീകരിച്ച ഉമർ മൗലവി (റ) എന്നിവർ മുശ്രിക്കുകളായിരുന്നോ ?.

5. സലാം സുല്ലമിയുടെ പുതിയ ഗവേഷണ ഫലം (ദിവ്യ ബോധനം .? ) പുറത്ത് വന്ന 2006 നു മുമ്പായി മരണപ്പെട്ടവർ എന്ന നിലയിൽ അവരെല്ലാം ശിർക്കിൽ നിന്നും രക്ഷപ്പെടാൻ സാധ്യതയുണ്ടോ ?.

6. ''സലാം സുല്ലമി'' ഗ്രൂപ്പിന്റെ പുതിയ ഫത്വ അനുസരിച്ച്, ഇപ്പോഴും ജീവിച്ചിരിപ്പുള്ള ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി, സി എം മൗലവി, കോയക്കുട്ടി ഫാറൂഖി, എം ഐ തങ്ങൾ ഉൾപ്പെടെയുള്ള മടവൂർ വിഭാഗം പണ്ഡിതർ, അവർ മുമ്പ് ശബാബിലെഴുതിയ ലേഖനങ്ങൾ തിരുത്താൻ തയ്യാറായിട്ടുണ്ടോ ?. അവരെല്ലാം തൗബ ചെയ്ത് ''സലാം സുല്ലമിയുടെ'' തൗഹീദ് 2006 ലേക്ക് മടങ്ങിയോ ?.

7. അതൊ, മടവൂർ സാഹിബിനെ നേതാവായി അംഗീകരിക്കാൻ തയ്യാറാവാത്ത ഔദ്യോഗിക വിഭാഗം പണ്ഡിതന്മാർക്കും നേതാക്കൾക്കുമുള്ള ഒരു ''സ്പെഷൽ ഫത്വ'' മാത്രമായിരുന്നോ ഇത് ?.

## 13. ''സലാം സുല്ലമി'' ഗ്രൂപ്പിലാണോ ''ചെറിയമുണ്ടം'' ഗ്രൂപ്പിലാണോ എന്ന് വ്യക്തമാക്കുക

സലാം സുല്ലമിയെ ''ഏറ്റവും വലിയ ഹദീസ് പണ്ഡിതനായി'' അവതരിപ്പിച്ച്, അദ്ദേഹത്തിന്റെ എല്ലാ ശിർക്കാരോപണവും ആദർശ വ്യത്യാതിയാനങ്ങളും പ്രചരിപ്പിച്ച് നടക്കുന്ന മടവൂർ വിഭാഗം പ്രവർത്തകർ, മുകളിലെ ലളിതമായ ചോദ്യങ്ങൾക്ക് മറുപടി പറയാൻ തയ്യാറാവണം.

അല്ലെങ്കിൽ, സലാം സുല്ലമിക്കും അദ്ദേഹത്തിന്റെ വാദങ്ങൾക്ക് പിന്തുണ നൽകുന്ന മടവൂർ സാഹിബിനും കൂട്ടർക്കും ആദർശ വ്യതിയാനം സംഭവിച്ചിട്ടുണ്ട് എന്നും, ഈ വിഷയത്തിൽ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും, അബ്ദുൽ ഹമീദ് മദീനിയും ഉൾപെടെയുള്ള പണ്ഡിതന്മാരുടെ കൂടെ, കഴിഞ്ഞ അൻപത് വർഷത്തിലധികമായി മുജാഹിദ് പ്രസ്ഥാനം പ്രബോധനം ചെയ്ത് വരുന്ന പഴയ മുജാഹിദ് ആദർശത്തിൽ ഞങ്ങൾ ഉറച്ച് നിൽകുന്നു എന്നും നിങ്ങൾ വ്യക്തമാക്കണം.

ഗ്രൂപ്പ് പ്രശ്നത്തിന്റെ പേരിലും താൽകാലിക സ്ഥാനമാനങ്ങൾ നിലനിർത്തുന്നതിനും വേണ്ടി, സഹ പ്രവർത്തകർക്കെതിരിൽ ശിർക്കും കുഫ്റും ആരോപിക്കുന്ന മടവൂർ മുജാഹിദിലെ ''സുല്ലമി വിഭാഗം'' പണ്ഡിതർക്ക് അവരുടെ വ്യാജ ആരോപണം തിരുത്താനും, സലാം സുല്ലമിയുടെ പിതാവുൾപ്പെടെയുള്ളവരുടെ പഴയ ആദർശത്തിലേക്ക് തിരിച്ച് വരാനുമുള്ള തൗഫീഖ് അല്ലാഹു പ്രദാനം ചെയ്യട്ടെ എന്ന് പ്രാർഥികുന്നു. (ആമീൻ)

നാസർ പാലക്കാട്                                                                                   (തുടരും)